# Weekly Thoughts of May -2015

Week -1



## Lesson in Obedience and Protection (Gen:7:23)

(അനുസരണം ലഭ്യമാക്കുന്ന സുരക്ഷിതത്വം)

1994 July അവസാനം കാനഡായിലെ, ക്വീൻസ്‌വിൽ എന്ന പട്ടണത്തിൽ പാരച്യൂട്ട് പരിശീലനത്തിലായിരുന്ന ശാരോൻ എന്ന സ്ത്രീ തന്റെ രണ്ടാമത്തെ പാരച്യൂട്ട് ചാട്ടത്തിലുണ്ടായ അപകടത്തിൽ നിന്ന് ചില പോറലുകളോടെ രക്ഷപെട്ടു. പതിനായിരം അടി ഉയരത്തിൽ നിന്ന് ചാടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പരിശീലകൻ പറഞ്ഞത് അതേ പടി അവർ അനുസരിക്കാഞ്ഞതിനാലാണ് പാരച്യൂട്ട് അല്പം തുറക്കുകയും അപകടം ഉണ്ടാകുകയും ചെയ്തത്.അല്പം തുറന്ന പാരച്യൂട്ട് അപകടത്തിന്റെ തീവ്രതകുറച്ചു. ഇതുപോലെ ഈ ലോകയാത്രയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ ക്രിസ്തു നമുക്ക് തന്നത് നാം അതേപടി അനുസരിച്ചില്ലെങ്കിൽ അപകടം നിശ്ചയമാണ്. ഒട്ടും അനുസരിക്കാത്തതും, സമയം കഴിഞ്ഞിട്ടനുസരിക്കുന്നതും നിഷ്ഫലമാകുന്നു.

## അനുസരണം മൂന്നു വിധത്തിൽ



1. **Constant obedience** **(സ്ഥിരമായ അനുസരണം)**

നോഹയുടെ ജീവിതത്തിൽ കൂടി ഒരു പഠനം നടത്തിയാൽ ഇത് നമുക്ക് മനസ്സിലാക്കാം . ഭൂമിയിൽ മനുഷ്യരെല്ലാം വഷളത്വമുള്ളവരായി , ദോഷൈകനിരൂപണമുള്ളവരായിട്ടും , നോഹയുടെ ജീവിതത്തിൽ ദൈവ ത്തോടുള്ള അനുസരണത്തിന് യാതൊരു മാറ്റവും ഉണ്ടായില്ല. അതി നാൽ അവന് ദൈവകൃപ ലഭിച്ചു. ഭൂമിയിൽ താൻ സൃഷ്ടിച്ച സകലതി നേയും നശിപ്പിക്കുമെന്ന് ദൈവം കല്പിച്ചുവെങ്കിലും തന്റെ കൃപ ലഭിച്ചവ നേയും തന്റെ സൃഷ്ടികളിൽ ആണും പെണ്ണുമായി എല്ലാ ജീവികളേയും രക്ഷിപ്പാൻ തീരുമാനിച്ച ദൈവം തന്റെ വാക്കുകളെ അനുസരിക്കുന്നവനെ തന്നെ ആ ചുമതല ഏല്പിച്ചു. അനുസരിക്കുവാൻ ബുദ്ധിമുട്ടുള്ള കാര്യ ങ്ങൾ ചിലപ്പോൾ ദൈവം നമ്മോട് പറയാറുണ്ട്. ഇന്നുവരെ താൻ കേൾക്കാത്തതും , കാണാത്തതും , അറിയാത്തതുമായ കാര്യങ്ങൾ ദൈവം പറഞ്ഞിട്ടും നോഹ മറു ചോദ്യങ്ങൾ ചോദിക്കാതെ ശ്രദ്ധയോടെ കേട്ട്, ഗ്രഹിച്ച് പ്രവർത്തിക്കാനും തീരുമാനിച്ചു. ഇതാണ് മാറ്റമില്ലാത്ത അഥവാ സ്ഥിരമായ അനുസരണം . ഒരു വലിയ പെട്ടകത്തിന്റെ നിർമ്മാണ പദവിക്കു വേണ്ടിയോ, പ്രവാചക ദൗത്യം ഏൽപിക്കുമെന്ന് കരുതിയോ അല്ല ദൈവത്തെ അനുസരിച്ചത്, ആത്മീയ സന്തോഷത്തിനും സുരക്ഷിത ത്വത്തിനുമുള്ള ആഗ്രഹത്തോടെ ആയിരുന്നു.

വഷളത്വം നിറഞ്ഞ ലോകത്തിൽ ഇന്ന് പലരും ദൈവത്തെ മറ ക്കുന്നു. ചിലർ അനുസരിക്കുന്നത് സ്വാർത്ഥലാഭത്തിനു വേണ്ടിയും . പ്രീയ വായനക്കാരേ !

നിങ്ങൾ ഏത് കൂട്ടത്തിൽ?

## (2) **Exact Obedience (പൂർണ്ണതയുള്ള അനുസരണം)**

വലിയ ഒരു ഉത്തരവാദിത്തം ദൈവം ഏൽപിച്ചിട്ടും ഇന്നുവരെ കാണുകയോ , കേൾക്കുകയോ ചെയ്യാത്തത് സംഭവിക്കും എന്ന് പറ ഞ്ഞിട്ടും ഒരു പാളിച്ചയും വരുത്താതെ യഹോവ തന്നോട് കല്പിച്ച പ്രകാ രമൊക്കെയും നോഹ ചെയ്തു. ഇതാണ് പൂർണ്ണമായ അനുസരണം.

നമ്മേ ഏൽപിച്ച കുടുംബത്തോട് അനുസരണത്തെപ്പറ്റി പറയു മ്പോൾ പ്രധാനമായും ഓർമ്മിപ്പിക്കേണ്ടത് ദൈവകല്പനകൾ കൃത്യമായി അനുസരിക്കണം എന്നതാണ്.

ഉദാ: മർക്കോ: (16:16), ലൂക്കോ (12:50)

ഗലാ: (3:27) ഈ കല്പനകൾ നാം പൂർണ്ണമായി അനുസരിച്ചി ട്ടുണ്ടോ?

### (3) **Unwavering Obedience** (**അചഞ്ചലമായ അനുസരണം**)

ദൈവത്തെ പരിഹസിച്ചുകൂടാ എന്ന് ഗലാ: (6:7)ൽ കാണുന്നു. അപ്പോൾ ദൈവീക നിർദ്ദേശം അനുസരിക്കുന്നവരേയും പരിഹസിക്കുവാൻ പാടില്ല. പരിഹാസി മനുഷ്യർക്കു വെറുപ്പാകുന്നു. (സദൃ:24:9) പെട്ടക നിർമ്മാണം നടന്നപ്പോഴും, മഴമൂലമുള്ള ന്യായവിധിയിൽ നിന്ന് രക്ഷനേടുവാൻ പെട്ടകത്തിലഭയം തേടുവാൻ പറഞ്ഞപ്പോഴും ദൈവകല്പന അനുസരിച്ച് ആണും പെണ്ണുമായി സകലഭൂചരജന്തുക്കളേയും പെട്ടകത്തിൽ കയറ്റിയപ്പോഴും പരിഹാസികൾ, പരിഹസിച്ചു കാണും. എന്നാലതൊന്നും നോഹയെയോ കുടുംബത്തെയോ തളർത്തിയില്ല. ഇതാണ് അചഞ്ചല വിശ്വാസം. ലോക ബന്ധങ്ങളെ ഉപേക്ഷിച്ച് ക്രിസ്തുവിലഭയം തേടിയാൽ നാം സുരക്ഷിതരായിത്തീരും.

## Three Stages of Protection

(സുരക്ഷിതത്വം തരുന്ന മൂന്ന് അവസ്ഥകൾ)

### (1) **Place of Refuge**(**ആശ്രയസ്ഥാനം**)

പെട്ടകത്തിന്റെ വാതിലടച്ച ദൈവം പെട്ടകത്തിലുള്ള സകലതിനേയും സംരക്ഷിച്ചു. രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല. (അ:പ്ര:4:12)

Read യെശ:(60:16)

നോഹയെപ്പോലെ നാമും അനുസരണമുളളവരായാൽ ചതി, വഞ്ചന, അവിശ്വസ്തത, പാപം മുതലായി, ലോകത്തിലെ പ്രളയകാരണങ്ങളിൽ നിന്ന് ക്രിസ്തു നമ്മെ രക്ഷിക്കുന്നു.

### (2) **Gods Remembrance and Protection**

**(ഓർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന അവസ്ഥ)**

നൂറ്റി അമ്പതു ദിവസത്തെ വെള്ളപ്പൊക്കം കഴിഞ്ഞപ്പോൾ നോഹയെയും പെട്ടകത്തിനുള്ളിലെ സകലതിനെയും ദൈവം ഓർത്തു

. (ഉല്പ 8:1) - വായിക്കുക

ദൈവം ഓർത്തപ്പോൾ പ്രകൃതിക്ക് മാറ്റം സംഭവിച്ചു.

നമ്മെയും നമുക്കുള്ളതിനെയും ഓർക്കുന്ന കർത്താവ് കൂടെയുള്ളപ്പോൾ നാം ഒന്നും ഭയപ്പെടേണ്ട കാര്യമില്ല. നമ്മുടെ ജീവിത്തിലും മാറ്റങ്ങൾ സംഭവിക്കും.

(3) **Gratitude for Protection** **(സുരക്ഷയ്ക്കുള്ള നന്ദി)**

മനുഷ്യരും മൃഗങ്ങളും പെട്ടകത്തിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ നന്ദിസൂചകമായി നോഹ യഹോവയ്ക്ക് ഹോമയാഗം അർപ്പിച്ചു. (ഉല്പ: 8:18-26).പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവമേ നിനക്ക് സ്തോത്രം. ദൈവം പറഞ്ഞത് പലതും നാം അനുസരിച്ചു എന്ന് നാം കരുതുന്ന വരോ? ലോക മനുഷ്യനെ ഭയന്ന് പകുതി അനുസരിക്കുന്നവരാകരുത്, പൂർണ്ണ അനുസരണമുള്ളവരാകും എന്ന് തീരുമാനിക്കുക.

## പ്രാർത്ഥന

പ്രീയ യേശുവേ ! അങ്ങയെ പൂർണ്ണമായി അനുസരിപ്പാൻ കൃപതരേണമേ. അങ്ങയുടെ കരുതലിൽ കുടുംബമായി മുൻപോട്ടു പോകുവാൻ ഇടയാക്കേണമേ.

ആമേൻ

**Santhamma Varghese**